# കേരള സർവകലാശാല

നം.പി.ആർ.186/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പുതുക്കിയ പരീക്ഷ തീയതി

ആഗസ്റ്റ് 30 ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി പേപ്പർ 3 – പൊളിറ്റിക്കൽ തിയറി ആന്റ് പൊളിറ്റിക്കൽ തോട്ട്സ്, ആഗസ്റ്റ് 31 ന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി പേപ്പർ 4 – ഫാമിലി ലോ പരീക്ഷകൾ യഥാക്രമം സെപ്റ്റംബർ 16 ലേക്കും സെപ്റ്റംബർ 5 ലേക്കും പുഃനക്രമീകരിച്ചിരിക്കുന്നു.

### പ്രാക്ടിക്കൽ

2019 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (138)–2 (b) പരീക്ഷയുടെ പ്രാക്ടിക്കൽ സെപ്റ്റംബർ 4 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

2019 സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിൽ നടക്കുന്ന മൂന്നും നാലും സെമസ്റ്റർ ബി.എസ്.സി മാത്തമാറ്റിക്സ് (വിദൂരവിദ്യാഭ്യാസം) പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

2019 ഒക്ടോബർ 26 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.എഡ് (റെഗുലർ/സപ്ലിമെന്ററി – 2015 സ്കീം) പരീക്ഷയ്ക്ക് പിഴ കൂടാതെ സെപ്റ്റംബർ 7 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 19 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 24 വരെയും ഓൺലൈനായി രജിസ്റ്റർ ചെയ്യാം. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2018 ജൂലൈയിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ ബി.എ (വിദൂര വിദ്യാഭ്യാസം) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 7 വരെ അപേക്ഷിക്കാം. കരട് മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ.

### വിദൂര വിദ്യാഭ്യാസ വിഭാഗം – അഡ്മിഷൻ അവസാന തീയതി

വിദൂര വിദ്യാഭ്യാസ വിഭാഗം 2019 – 20 അദ്ധ്യയന വർഷത്തിലേക്ക് യു.ജി.സി അംഗീകൃത യു.ജി – പി.ജി പ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ ആഗസ്റ്റ് 31 ന് അവസാനിക്കും. അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാം. അപേക്ഷയുടെ ശരിപകർപ്പ്, അനുബന്ധരേഖകൾ മുതലായവ അപേ

ക്ഷിച്ച് ആഗസ്റ്റ് 31 നകം വിദൂര വിദ്യാഭ്യാസ വിഭാഗം ഓഫീസിൽ എത്തിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് www.ideku.net എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## പി.ജി പ്രവേശനം
## ഗവ/എയ്ഡഡ് കോളേജുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് സ്പോട്ട് അലോട്ട്മെന്റ്

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ/എയ്ഡഡ് കോളേജുകളിലെ ഒഴിവുള്ള പി.ജി സീറ്റുകളിലേക്ക് ആഗസ്റ്റ് 31 ന് സർവകലാശാല ആസ്ഥാനത്തുള്ള സെനറ്റ് ഹാളിൽ വെച്ച് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. നിലവിൽ ഏതെങ്കിലും കോളേജുകളിൽ പ്രവേശനം നേടിക്കഴിഞ്ഞ ആരെയും സ്പോട്ട് അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല. വിവിധ കോളേജുകളിലെ ഒഴിവുകളുടെ വിവരം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തും. ആഗസ്റ്റ് 31 ന് രാവിലെ 9 മണി മുതൽ 11 മണി വരെയാണ് രജിസ്ട്രേഷൻ സമയം. നിശ്ചിത സമയം കഴിഞ്ഞ് ഹാജരാകുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ അധിക സമയം അനുവദിക്കുന്നതല്ല. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട്, അസ്സൽ സർട്ടിഫിക്കറ്റുകൾ എന്നിവ കൊണ്ടുവരേണ്ടതാണ്. നിശ്ചിത സർവകലാശാല ഫീസായ 1040 രൂപ പ്രവേശനം ലഭിച്ചാൽ ഉടൻ തന്നെ ഒടുക്കേണ്ടതാണ്. ഇൻഡക്സ് മാർക്ക് അടിസ്ഥാനമാക്കി ഒഴിവുള്ള സീറ്റുകൾ നികത്തുന്നതാണ്.

## ബിരുദ പ്രവേശനം 2019
## ഗവ.എയ്ഡഡ് കോളേജുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അലോട്ട്മെന്റ്
## നിലവിൽ പ്രവേശനം ലഭിക്കാത്തവർക്ക് മാത്രം പങ്കെടുക്കാം.

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ/എയ്ഡഡ് കോളേജുകളിലെ ഒഴിവുള്ള യു.ജി സീറ്റുകളിലേക്ക് സെപ്റ്റംബർ 2 ന് സർവകലാശാല ആസ്ഥാനത്തുള്ള സെനറ്റ് ഹാളിൽ വെച്ച് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. നിലവിൽ ഏതെങ്കിലും കോളേജുകളിൽ പ്രവേശനം നേടിക്കഴിഞ്ഞ ആരെയും സ്പോട്ട് അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല. വിവിധ കോളേജുകളിലെ ഒഴിവുകളുടെ വിവരം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. സെപ്റ്റംബർ 2 ന് രാവിലെ 9 മണി മുതൽ 11 മണി വരെ ഹാജരാകുന്നവരെ മാത്രമേ പരിഗണിക്കുകയുള്ളൂ. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട്, അസ്സൽ സർട്ടിഫിക്കറ്റുകൾ എന്നിവ കരുതേണ്ടതാണ്. നിശ്ചിത സർവകലാശാല ഫീസായ 1860 രൂപ പ്രവേശനം ലഭിച്ചാൽ ഉടൻ തന്നെ ഒടുക്കേണ്ടതാണ്. ഇൻഡക്സ് മാർക്ക് അടിസ്ഥാനമാക്കി ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനം നടത്തുന്നതാണ്.

## ഒന്നാം വർഷ ബിരുദ പ്രവേശനം
## സ്വാശ്രയ കോളേജുകളിലെ പുതിയ കോഴ്സുകൾക്ക് സ്പോട്ട് അലോട്ട്മെന്റ്

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ കോളേജുകളായ ശ്രീനാരായണ ഗുരു കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ചേർത്തലയിൽ ബി.കോം (ഇലക്ടീവ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) ശ്രീ നാരായണഗുരു കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് നങ്ങ്യാർകുളങ്ങരയിൽ ബി.കോം കൊമേഴ്സ് ആന്റ് ടാക്സ് പ്രൊസീഡ്യുവർ ആന്റ് പ്രാക്ടീസ് (2a) ശ്രീനാരായണ ഗുരു കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് വർക്കലയിൽ ബി.കോം ഇലക്ടീവ് കോ ഓപ്പറേഷനും, ശ്രീനായണഗുരു കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ചെമ്പഴന്തിയിൽ ബി.എസ്.സി ജിയോളജിയും അനുവദിച്ചിരിക്കുന്നു. മേൽപറഞ്ഞ കോഴ്സുകളിലെ മെറിറ്റ് സീറ്റുകളുടെ സ്പോട്ട് അലോട്ട്മെന്റ് സെപ്റ്റംബർ 3 ന് സർവകലാശാല ആസ്ഥാനത്തുള്ള സെനറ്റ് ഹാളിൽ വെച്ച് നടത്തുന്നതാണ്. രാവിലെ 9 മണിക്കും 11 മണിക്കും ഇടയ്ക്ക് രജിസ്റ്റർ ചെയ്യുന്നവരെ ആയിരിക്കും പരിഗണിക്കുക. അലോട്ട്മെന്റ് ലഭിക്കുന്നവർ സർവകലാശാല പ്രവേശന ഫീസായ 1860 (ജനറൽ), 940 (എസ്.സി/എസ്.ടി) ഉടൻ തന്നെ ഒടുക്കേണ്ടതാണ്. മേൽപറഞ്ഞ കോഴ്സുകളിലെ സ്പോട്ട് അലോട്ട്മെന്റിനു വേണ്ടി സർവകലാശാലയിലേക്ക് അപേക്ഷകൾ ഒന്നും തന്നെ അയയ്ക്കേണ്ടതില്ല. നില

വിൽ ഓൺലൈൻ രജിസ്ട്രേഷൻ ഉള്ളവർ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് ഹാജരാക്കണം. ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്തവർ മാനേജ്മെന്റ് ക്വാട്ട ലിങ്ക് വഴി രജിസ്റ്റർ ചെയ്ത് പ്രിന്റൗട്ട് ഹാജരാക്കണം. ഓൺലൈൻ രജിസ്ട്രേഷൻ നടത്തി പ്രിന്റൗട്ട് നിർബന്ധമായും ഹാജരാക്കേണ്ടതാണ്. നിശ്ചിത സമയം കഴിഞ്ഞ് ഹാജരാകുന്നവരെ ആരെയും അലോട്ട്മെന്റിന് വേണ്ടി പരിഗണിക്കുന്നതല്ല.

തിരുവനന്തപുരം.
29.08.2019



പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098